**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 151** **12-02-2024 - ൽ മറുപടിയ്ക്ക്**

**റേഷൻ കടകൾ വഴിയുള്ള ഭക്ഷ്യസാധനങ്ങളുടെ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | റേഷൻ കടകളിലൂടെയുള്ള ഭക്ഷ്യ സാധനങ്ങളുടെ വിതരണം സ്ഥിരമായി തടസ്സപ്പെടുന്നത് ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | റേഷൻ കടകളിലൂടെയുള്ള റേഷൻ വിതരണം സ്ഥിരമായി തടസ്സപ്പെടുന്ന രീതിയിലുള്ള യാതൊരു സാങ്കേതിക പ്രശ്നങ്ങളും നിലവിലില്ല. റേഷൻ വിതരണത്തിൽ ഭാഗികമായി തടസം ഉണ്ടാക്കിയ സാങ്കേതിക പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം ഏപ്രിൽ 1 മുതൽ 30 വരെയുള്ള കാലയളവിൽ എല്ലാ ഇ-പോസ് മെഷീനുകളുടെയും സർവീസ് "വിഷൻടെക്" എന്ന സ്ഥാപനം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ റേഷൻ വിതരണത്തിൽ ഉപയോഗിച്ചിരുന്ന BSNL ബാൻഡ്.വിഡ്ത്ത് 20 MB per second എന്നത് 50 MB per second ആയി ഉയർത്തിയിട്ടുണ്ട്. ഡിപ്പാർട്ട്മെന്റ് AUA സെർവറിൽ ഉണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ കാരണം റേഷൻ വിതരണം മുടങ്ങാതിരിക്കുന്നതിനായി NIC യുടെ AUA സെർവറുകൾ കൂടി വിതരണത്തിൽ ഉൾപ്പെടുത്തുന്നതിന് NIC യ്ക്കും UIDAI യ്ക്കും കത്ത് നൽകിയിട്ടുണ്ട്. റേഷൻ വിതരണവുമായി ബന്ധപ്പെട്ട് ഇ-പോസ്, സെർവറുകളിലെ സാങ്കേതിക പ്രശ്നങ്ങൾ കാരണമായി ഉണ്ടാകുന്ന ഭാഗീകമായ തടസ്സങ്ങൾ ഉടൻതന്നെ ബന്ധപ്പെട്ട ഏജൻസികളുമായി ചേർന്ന് പരിഹരിക്കാറുണ്ട്. ബയോമെട്രിക് ഓതന്റിക്കേഷൻ ഉപയോഗിച്ചുള്ള റേഷൻ വിതരണം Authentication User Agency (AUA), Authentication Server Agency (ASA), UIDAI (ആധാർ സെർവർ) എന്നിവയുടെ ഒരുമിച്ചുള്ള പ്രവർത്തനത്തിലൂടെയാണ് സാധ്യമാകുന്നത്. ടി സെർവറുകൾ കൃത്യമായി പ്രവർത്തിച്ചാൽ മാത്രമേ റേഷൻ വിതരണത്തിൽ തടസ്സം നേരിടുന്നത് പൂർണ്ണമായും ഒഴിവാക്കുവാൻ സാധിക്കുകയുള്ളൂ. എന്നാൽ Authentication User Agency (AUA), Authentication Server Agency |

| | | | |
|---|---|---|---|
| | | | (ASA), UIDAI (ആധാർ) എന്നിവയുടെ സെർവറുകൾ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ ഉള്ളവയല്ല. റേഷൻ വിതരണത്തിലെ ബയോമെട്രിക് ഓതന്റിക്കേഷനുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന തടസ്സങ്ങൾ വളരെ വേഗത്തിൽ പരിഹരിക്കുന്നതിനായി NIC യുടെ Alternate AUA അഡോപ്റ്റ് ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ റേഷൻകടകളിൽ സ്ഥാപിച്ചിരിക്കുന്ന ഇ-പോസ് മെഷീനുകളുടെ പ്രവർത്തനം വിലയിരുത്തിട്ടുണ്ടോ; ഇവയുടെ തകരാർ എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; സ്ഥിരമായി സെർവർ തകരാറിലാവുന്നത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | പിരിവ് (എ)യുടെ മറുപടി കണ്ടാലും. |
| (സി) | ഇ-പോസ് മെഷീൻ തകരാറിലാക്കുന്നത് റേഷൻ വ്യാപാരികൾ ആണോയെന്നത് പരിശോധിച്ചിട്ടുണ്ടോ; റേഷൻ വ്യാപാരികളുടെ കമ്മീഷൻ തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ഇ-പോസ് മെഷീൻ തകരാറിലാക്കുന്നത് റേഷൻ വ്യാപാരികളാണെന്നുള്ള വിവരം നാളിതു വരെ റിപ്പോർട്ട് ചെയ്തിട്ടില്ല.<br><br>03/06/2023 ന് സംസ്ഥാനത്തെ റേഷൻ വ്യാപാരികളുടെ വിവിധ ആവശ്യങ്ങൾ ചർച്ച ചെയ്യുന്നതിനായി ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ മന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ NFSA സംസ്ഥാനത്ത് നടപ്പിലാക്കിയതിന് ശേഷം റേഷൻ വ്യാപാരികൾക്ക് ഉണ്ടായ സാമ്പത്തികവും, നിയമപരവും, ഭരണപരവുമായ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് റേഷനിംഗ് കൺട്രോളർ, ലോ ഓഫീസർ, വിജിലൻസ് ഓഫീസർ എന്നിവരടങ്ങിയ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് റേഷൻ വ്യാപാരികളുടെ കമ്മീഷൻ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ